# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2608 18.06.2018 ൽ മറുപടിക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ നിർദ്ദിഷ്ട മലയോര ഹൈവേ അരുവിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളിൽ കൂടിയാണ് കടന്നു പോകുന്നത്; ഇതിൽ ഏതെല്ലാം റോഡുകളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ട്; ഇതിൽ എത്ര റോഡുകൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്; | എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ ചായം - പെരിങ്ങമല റോഡ്, കൊപ്പം - വിതുര, വിതുര - ഇരുത്തലമൂല ഭാഗം , ഇരുത്തലമൂല — ആര്യനാട്, ആര്യനാട് - കള്ളിക്കാട് എന്നീ റോഡുകളിലൂടെയാണ് നിർദ്ദിഷ്ട മലയോര ഹൈവേ കടന്ന് പോകുന്നത്. ചായം - പെരിങ്ങമല, വിതുര— ഇരുത്തലമൂല, ആര്യനാട് - കള്ളിക്കാട് എന്നീ ഭാഗങ്ങൾ മലയോര പാതയിൽ ഉൾപ്പെടുത്തി കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ റോഡുകളിലെ മറ്റു ഭാഗങ്ങൾ ബഡ്ജറ്റിലും റിക്ക് പദ്ധതിയിലും ഉൾപ്പെടുത്തി പുരോഗമിക്കുന്നു. |
| ബി) | മലയോര ഹൈവേ ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിർമ്മിക്കുന്നത്; വിശദാംശം നൽകാമോ; | ബി) | 12 മീറ്റർ വീതിയിൽ 7 മീറ്റർ ക്യാരേജ് വേ ഇരുവശങ്ങളിലും ഓരോ മീറ്റർ പേവ്ഡ് ഷോൾഡർ, ഫുട്പാത്തുകൾ, ഓട സംരക്ഷണ ഭിത്തി, റോഡ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡി.ബി.എം & ബി സി രീതിയിൽ ആധുനിക രീതിയിലാണ് നിർമ്മിക്കുന്നത്. |
| സി) | നിർദ്ദിഷ്ട മലയോര ഹൈവേയിൽ റോഡിന്റെ വീതി എത്രയായാണ് നിജപ്പെടുത്തിയിരിക്കുന്നത്; ഈ പദ്ധതിയിൽ ഭൂമി അധികം വേണ്ട സ്ഥലങ്ങളിൽ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുമോ; ഇല്ലെങ്കിൽ ഇതിനായി പകരം സംവിധാനം എന്താണ് കൈക്കൊള്ളുന്നത്; വിശദാംശം നൽകാമോ? | സി) | 12 മീറ്റർ പൊന്നുംവിലയ്ക്ക് എടുക്കില്ല. പകരം സ്വമേധയാ ഭൂമി വിട്ട് നൽകുന്നവർക്ക് ചുറ്റുമതിൽ, കെട്ടിട ഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനർനിർമ്മിച്ച് നൽകും. |

സെക്ഷൻ ഓഫീസർ